**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1366** **07-02-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം ശാസ്ത്രീയമായി വിലയിരുത്തുന്നതിനും ഗുണനിലവാരമുള്ള മൂല്യനിർണ്ണയ രീതി വികസിപ്പിക്കുന്നതിനുമായി അസെസ്സ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. പഠനപരിപോഷണ പദ്ധതികളായ നുമാറ്റ്സ്, സ്റ്റെപ്പ്സ്, നൂസെറ്റ്സ് എന്നിവയും എൻ.റ്റി.എസ്.ഇ, എൻ.എം.എം.എസ് പോലുള്ള ദേശീയ തലത്തിലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്കും എൽ.എസ്.എസ്./ യു.എസ്.എസ്. പരീക്ഷകൾക്കും ആവശ്യമായ അക്കാദമിക നേതൃത്വം അസെസ്സ്മെന്റ് സെൽ നൽകും. അസെസ്സ്മെന്റ് സെല്ലിന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, ഭാഷ എന്നീ വിഷയങ്ങളിൽ ഇന്റേണൽ വിദഗ്ധരും എക്സ്റ്റേണൽ വിദഗ്ധരും ഒരു സ്റ്റേറ്റ് അസസ് മെന്റ് സെൽ കോ-ഓർഡിനേറ്ററും ചേർന്നുള്ള സമിതി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിലയിരുത്തൽ സർവേ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവേയുടെ രീതി സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | **സ്റ്റേറ്റ് അസെസ്സ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ സംസ്ഥാന പഠനനേട്ട സർവ്വേ (State Achievment Survey- SAS) നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലയിലേയും തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സാമ്പിൾ ആയി എടുത്തുകൊണ്ട് സർവ്വേ നടത്തുന്നതായിരിക്കും. 3-ാം ക്ലാസ്, 5-ാം ക്ലാസ്, 8-ാം ക്ലാസ് വിദ്യാർത്ഥികളുടെ പഠന മികവാണ് പ്രസ്തുത സർവ്വേയിലൂടെ വിലയിരുത്തുന്നത്. ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളെ ആധാരമാക്കിയാണ് സംസ്ഥാന പഠനനേട്ട സർവ്വേ (SAS) നടക്കുന്നത്.** |
| (സി) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി വ്യത്യസ്ത പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കോവിഡ് കാലം പഠിതാക്കളിൽ സൃഷ്ടിച്ച പഠനവിടവ് പരിഹരിക്കുന്നതിനാവശ്യമായ |

| | | | | |
|---|---|---|---|---|
| | | | | ബ്രിഡ്ജ് മെറ്റീരിയൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 3-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി എല്ലാ വിഷയങ്ങളിലും പഠന പിന്തുണാ സാമഗ്രികൾ രൂപപ്പെടുത്തിയാണ് വെബ് സൈറ്റിൽ ഉൾച്ചേർത്തത്. അസസ് മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ 3, 5, 8 ക്ലാസിലെ പഠിതാക്കളുടെ ആർജിത പഠനനേട്ടങ്ങളെ പരിശോധിക്കുന്നതിന് വേണ്ടി പ്രഥമ സംസ്ഥാന പഠനനേട്ട സർവ്വേ (SAS) ഫെബ്രുവരി 2023-ൽ നടത്തുന്നുണ്ട്. അവധിക്കാല അധ്യാപക സംഗമങ്ങളിലൂടെ പഠനബോധന പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും മികവുറ്റതുമാക്കുന്നതിനുള്ള അധ്യാപക ശാക്തീകരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത അധ്യാപക ശാക്തീകരണ പരിപാടികളിലൂടെ വിദ്യാർത്ഥികളുടെ പഠന നിലവാരം പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങളേറ്റെടുത്ത് നടത്തുന്നതിന് അധ്യാപകർ പര്യാപ്തരാകുന്നുണ്ട്. ഓരോ ഘട്ടത്തിലും കുട്ടികൾ ആർജ്ജിക്കണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടാൻ കഴിയുന്നു എന്ന് ഉറപ്പാക്കുകയും, ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുകയും ചെയ്യുക, സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുക, ഓരോ വിദ്യാർത്ഥിയേയും ഓരാ യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുക തുടങ്ങിയ സമീപനങ്ങളിലൂന്നിയ അക്കാദമിക പ്രവർത്തനങ്ങളാണ് 'അക്കാദമിക മാസ്റ്റർപ്ലാൻ ' രണ്ടാംഘട്ട മാർഗരേഖ വിഭാവനം ചെയ്യുന്നത്. വിദ്യാലയങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ, വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നു. |

സെക്ഷൻ ഓഫീസർ